**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 319** **17-03-2025 - ൽ മറുപടിയ്ക്ക്**

**എൻ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി കേന്ദ്രം നൽകുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 കാലയളവിൽ എൻ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് കേന്ദ്രം നൽകാനുള്ള തുക കുടിശികയാണോ എന്ന് വ്യക്തമാക്കുമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ എൻ. എച്ച്. എം. പദ്ധതിയുടെ ഭാഗമായി കേന്ദ്രം നൽകാനുള്ള തുകയിൽ കുടിശ്ശിക ഇല്ല. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ ക്യാഷ് ഗ്രാന്റിൽ കേരളത്തിന് നൽകാനുള്ള മുഴുവൻ തുകയും കുടിശ്ശികയാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാർ ബജറ്റിൽ വകയിരുത്തിയ തൊള്ളായിരത്തോളം കോടി രൂപയ്ക്ക് പുറമേ 120 കോടി രൂപ കൂടി അധികമായി അനുവദിച്ചു എന്ന വാദം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | 2024-25 കാലയളവിൽ കേന്ദ്ര സർക്കാർ 1249.79 കോടി രൂപയാണ് അനുവദിച്ചത്. ഇത് ക്യാഷ് ഗ്രാൻറ് ആയി ഒടുവിൽ അനുവദിച്ച 120.45 കോടി രൂപ ഉൾപ്പെടെയുള്ള തുകയാണ്. മിക്ക സംസ്ഥാനങ്ങൾക്കും സാധാരണ പ്രവർത്തനമനുസരിച്ച് ഇത് നൽകാറുണ്ട്. |
| (സി) | ഈ കാലയളവിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശിക നേടിയെടുക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കാൻ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ എല്ലാം തന്നെ സംസ്ഥാനം പാലിച്ചിട്ടുണ്ട്. ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ ബ്രാൻഡിംഗ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരം നടത്തുകയും കോ -ബ്രാൻഡിംഗ് പൂർത്തിയാക്കി ദേശീയ ആരോഗ്യ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതിനുള്ള മറ്റു മാനദണ്ഡങ്ങൾ പൂർത്തീകരിച്ചതായും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ